മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് പോലീസ് വകുപ്പിലെ വാഹനങ്ങൾ പരിപാലിച്ച് പോകുന്നത്. പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കായി എം.എസ്.പി റേഞ്ച് വർക്ക്ഷോപ്പ്, തിരുവനന്തപുരം എസ്.എ.പി ക്യാമ്പസ്സിലുള്ള സെൻട്രൽ പോലീസ് വർക്ക്ഷോപ്പുകളും പ്രവർത്തിക്കുന്നു. കൂടാതെ, പുതിയ തലമുറയിൽപ്പെട്ട ഡിപ്പാർട്ടുമെന്റ് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ അംഗീകൃത ഡീലർ വർക്ക്ഷോപ്പുകളിൽ ചെയ്തുവരുന്നുണ്ട്. ഇക്കാര്യങ്ങൾ പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പ്രതിപക്ഷ നേതാവിന്റെ മകനെതിരെയുള്ള വിജിലൻസ് അന്വേഷണം

211 (3722) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷനേതാവിന്റെ മകൻ ശ്രീ. വി.എ. അരുൺകുമാറിനെതിരെ കഴിഞ്ഞ അഞ്ച് വർഷത്തെ വിദേശയാത്ര, സ്വത്ത് എന്നിവ സംബന്ധിച്ച ആരോപണങ്ങളിന്മേൽ വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണ വിവരം വ്യക്തമാക്കുമോ ;

(ബി) ശ്രീ. വി.എ. അരുൺകുമാറിന്റെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച ആരോപണത്തെക്കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണവിവരം വ്യക്തമാക്കുമോ;

(സി) ചെറി എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി ശ്രീ. വി.എ., അരുൺ കുമാറിന്റെ ബിസിനസ് ബന്ധങ്ങൾ സംബന്ധിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണവിവരം ലഭ്യമാക്കുമോ ;

(ഡി) ശ്രീ. വി.എ. അരുൺ കുമാർ, ശ്രീ. ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പ് നിലം നികത്തുവാൻ സഹായിക്കാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചത് സംബന്ധിച്ച് സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക് സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് തയ്യാറായ 20-9-2011-ലെ 7967/ഇ 3/ 2011/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജിലൻസ് അന്വേഷണത്തിന്റെ പൂർണ്ണവിവരം ലഭ്യമാക്കുമോ ?

GPM. 2/235/2020-37

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) മുൻ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി 1-3-2011-ൽ അന്നത്തെ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പ്രസ്തുത ആരോപണങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ 16-6-2011-ലെ ജി.ഒ. (എം.എസ്) 19/2011/വിജി പ്രകാരം ഉത്തരവിട്ട വിജിലൻസ് അന്വേഷണം വി.ഇ.04/2011/എസ്.സി.ടി. എന്ന നമ്പറിൽ തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ട് ഓഫീസിൽ പുരോഗമിച്ചുവരുന്നു.

(ഡി) സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച പരാതിയിന്മേൽ വി.ഇ.20/2011/എസ്.ഐ.യു-II നമ്പരായി നടത്തിയ വിജിലൻസ് അന്വേഷണത്തിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പോലീസ് ക്രൈം കേസ് രജിസ്റ്റർ ചെയ്ത് ആഭ്യന്തര വകുപ്പിന്റെ സാമ്പത്തിക കാറ്റാന്വേഷണ വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ടി കേസ് 14/7/14 മുതൽ ക്രൈംബ്രാഞ്ച് സി.ഐ.ഡി. സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം, കോട്ടയം യൂണിറ്റിൽ അന്വേഷണം നടത്തിവരുന്നതും ആയത് പുരോഗമിച്ചുവരുന്നതുമാണ്.

പ്രൈവറ്റ് ഡിറ്റക്ടീവ് ഏജൻസികൾ

212 (3723) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രൈവറ്റ് ഡിറ്റക്ടീവ് ഏജൻസികളുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഏജൻസികളുടെ പ്രവർത്തനത്തിന് എന്തെല്ലാം നിബന്ധനകളും നിയന്ത്രണങ്ങളുമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രൈവറ്റ് ഡിറ്റക്ടീവ് ഏജൻസികൾ ആരംഭിക്കുന്നതിന് ഏതെല്ലാം രജിസ്ട്രേഷനുകളും അനുമതികളുമാണ് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആകെ 10 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിൽ 9 സ്ഥാപനങ്ങൾ എറണാകുളം സിറ്റിയിലും ഒരു സ്ഥാപനം കോഴിക്കോട് സിറ്റിയിലുമാണ് പ്രവർത്തിക്കുന്നത്. പട്ടിക ചുവടെ ചേർക്കുന്നു:

1. ആഗ്നേയ മാനേജ്മെന്റ്, കൊച്ചി
2. ഇൻവിസിബിൾ സ്പൈ, എറണാകുളം